ഉത്തരം

(എ) വിതരണ നഷ്ടം മാത്രമായി കണക്കാക്കാനുള്ള സംവിധാനം ഇപ്പോൾ ബോർഡിൽ നിലവിലില്ല. പ്രസരണ-വിതരണ നഷ്ടം 17.75 ശതമാനമായി കണക്കാക്കിയിരിക്കുന്നു.

(ബി) ഇല്ല. എന്നാൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി 1996-97-ലെ അഖിലേന്ത്യാ ശരാശരി കണക്കാക്കിയിട്ടുള്ളത് 24.53% ആയിരുന്നു. അക്കൊല്ലം സംസ്ഥാനത്ത് 19.96% ആയിരുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസരണ വിതരണ നഷ്ടം 20.05% ആയിരുന്നത് 1998-99-ൽ 17.75% ആയി കുറഞ്ഞിട്ടുണ്ട്.

ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനം

84 (1751) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനത്തിന്റെ ഭാഗമായി കെ. എസ്. ഇ. ബി. യിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി ചുമതലയേൽപ്പിച്ചിരിക്കുന്നത് ഏത് ഉദ്യോഗസ്ഥനെയാണ് ;

(സി) ഇതുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രത്യേകം ബിരുദം നേടിയ എത്ര എഞ്ചിനീയർമാർ കെ. എസ്. ഇ. ബി. യിൽ ഉണ്ട് ; അവർ ആരെല്ലാം ;

(ഡി) നിർദ്ദിഷ്ട യോഗ്യതയുള്ളവരെ നിയമിച്ച് ഇൻഫർമേഷൻ ടെക്നോളജിയുടെ പ്രത്യേക വിഭാഗം രൂപീകരിച്ചു വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ. എസ്. ഇ. ബി.യിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ച് വിവര സാങ്കേതിക വിദ്യാനയം രൂപപ്പെടുത്തുകയും ഏകോപിച്ചുള്ള നടപ്പിലാക്കൽ ലക്ഷ്യമിടുകയും ചെയ്യുന്നു. എച്ച്റ്റി/ഇ.എച്ച്റ്റി ബില്ലിംഗ് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യം ലഭിച്ചിട്ടുണ്ട്.

(ബി) ചീഫ് എഞ്ചിനീയർ (കോർപ്പറേറ്റ് പ്ലാനിംഗ്)

(സി&ഡി) ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം നേടിയ എൻജിനീയർമാരെ കെ. എസ്. ഇ. ബി. യിൽ നിയമിച്ചിട്ടില്ല. എങ്കിലും ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly